പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 838 | 02/12/2015 -ൽ മറുപടിയ്ക്ക്

**ശബരിമലയിൽ നടപ്പിലാക്കിയ പരിഷ്ക്കാരങ്ങൾ**

ചോദ്യം | ഉത്തരം

ശ്രീ. മുല്ലക്കര രത്നാകരൻ

ശ്രീ. വി.എസ്. ശിവകുമാർ,
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പു മന്ത്രി.

എ) മണ്ഡലകാല തീർത്ഥാടനത്തോടനുബന്ധിച്ച് ശബരിമലയിൽ ദേവസ്വം വകുപ്പു മുഖേന നടപ്പിലാക്കിയ പരിഷ്കാരങ്ങൾ വിശദമാക്കാമോ;

എ) ശബരിമല, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ തീർത്ഥാടകർക്കു വേണ്ടി തിരുവിതാംകൂർ ദേവസ്വം ബോർഡും, ശബരിമല മാസ്റ്റർപ്ലാൻ ഹൈപ്പവർ കമ്മിറ്റിയും മറ്റിതര സർക്കാർ വകുപ്പുകളും സന്നദ്ധ സംഘടനകളുമായി ഏകോപിപ്പിച്ചുകൊണ്ട് താഴെ പറയുന്ന ക്രമീകരണങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

1) തീർത്ഥാടകർക്കാവശ്യമായ പ്രാഥമിക സൗകര്യങ്ങൾ പ്രാവർത്തികമാക്കുകയും ക്ഷേത്ര സമുച്ചയങ്ങളുടെയും മറ്റ് അനുബന്ധ കെട്ടിടങ്ങളുടെയും വാർഷിക അറ്റകുറ്റപ്പണികളും പ്രസാദ നിർമ്മാണ വിതരണം കുറ്റമറ്റ രീതിയിൽ പ്രവർത്തിപ്പിക്കുന്നതിനു വേണ്ട നടപടികളും സ്വീകരിച്ചു.
2) ശബരിമല ക്ഷേത്ര അനുബന്ധ കെട്ടിടങ്ങൾ, ഡോണർ ഹൗസുകൾ പിൽഗ്രിം സെൻററുകൾ എന്നിവയുടെ അറ്റകുറ്റപ്പണികൾ.
3) സ്പെഷ്യൽ ഡ്യൂട്ടിക്കായി നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥർക്ക് കൂടുതൽ താമസ സൗകര്യം.
4) താമസ സൗകര്യത്തിനായി മുറികൾ മുൻകൂട്ടി ബുക്ക് ചെയ്യുന്നതിനുള്ള ഓൺലൈൻ ബുക്കിംഗ് സൗകര്യം.
5) ശബരിമല മാസ്റ്റർ പ്ലാൻ മുഖേന പുതുതായി ശബരിമയിൽ 120 യൂണിറ്റ് കക്കൂസുകളുടെയും 34 കുളിമുറികളുടെയും നിർമ്മാണവും പമ്പയിൽ പഴയ കക്കൂസുകൾക്ക് പകരമായി പുനർനിർമ്മിച്ച, ഓരോ യൂണിറ്റിലും 84 ടോയ്ലറ്റ് വീതമുള്ള രണ്ട് ടോയ്ലറ്റ് ബ്ലോക്കുകൾ. കൂടാതെ പരമ്പരാഗതപാതയിലും സ്വാമി അയ്യപ്പൻ റോഡിലും കൂടുതൽ ബയോയൂറിനൽ യൂണിറ്റുകളും സ്ഥാപിച്ചു.
6) പരമ്പരാഗതപാതയിലും സ്വാമി അയ്യപ്പൻ റോഡിലും ഔഷധക്കൂട്ടുകളിട്ടു തിളപ്പിച്ച കുടിവെള്ളമുൾപ്പെടെയുള്ള ശുദ്ധജല വിതരണത്തിനും ലഘുഭക്ഷണങ്ങൾ

ലഭ്യമാക്കുന്നതിനും ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

7) കുടിവെള്ള സംഭരണത്തിനായി 20 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള പുതിയ ടാങ്കുകളും കൂടാതെ പ്രത്യേകം ട്രീറ്റ് ചെയ്ത ശുദ്ധജലം ശബരിമലയിലും പമ്പയിലും ലഭ്യമാക്കുന്ന ക്രമീകരണവും ഏർപ്പെടുത്തിയിട്ടുണ്ട്.

8) നിലയ്ക്കലിൽ രണ്ടിലധികം കുഴൽ കിണറുകൾ സ്ഥാപിച്ച് പ്രവർത്തനയോഗ്യമാക്കി.

9) നിലയ്ക്കലിൽ ആവശ്യമായ ശുദ്ധജലം ടാങ്കർ ലോറികളിൽ വിതരണം ചെയ്യാനുള്ള നടപടികൾ.

10) തീർത്ഥാടകർക്ക് സന്നിധാനത്തും പമ്പയിലും മുഴുവൻ സമയവും അന്നദാനം നടത്തുന്നതിനുള്ള ക്രമീകരണം.

11) പരമ്പരാഗത പാതയിലും സ്വാമി അയ്യപ്പൻ റോഡിലും ഓക്സിജൻ പാർലറുകളും അതിനോടനുബന്ധിച്ചുള്ള ഹെൽത്ത് കിയോസ്കുകളും, ഓക്സിജൻ പാർലറുകളുടെ എണ്ണവും വർദ്ധിപ്പിച്ചു.

12) അപ്പാച്ചിമേട് നീലിമല എന്നിവിടങ്ങളിലെ കാർഡിയോളജി സെൻററുകളിൽ ഡോക്ടർമാരുടെ സേവനവും ആവശ്യമായ ഉപകരണങ്ങളും ഏർപ്പെടുത്തി.

13) അലോപ്പതി, ആയുർവ്വേദം, ഹോമിയോ ആശുപത്രികൾക്കു പുറമേ എൻ.എസ്. എസ്. ആശുപത്രി, ശ്രീ മാതാ അമൃതാനന്ദമയി മഠത്തിന്റെ നിയന്ത്രണത്തിനുള്ള ആശുപത്രി എന്നിവയും പ്രവർത്തിക്കുന്നു.

14) പ്രധാന വഴിപാട് ഇനങ്ങളായ അപ്പം, അരവണ എന്നിവ ആവശ്യത്തിന് സ്റ്റോക്ക് ചെയ്തിട്ടുണ്ട്.

15) കുറ്റമറ്റ രീതിയിലുള്ള ശുചീകരണ പ്രവർത്തനങ്ങൾക്ക് ശബരിമല സാനിറ്റേഷൻ സൊസൈറ്റിക്കു പുറമേ മറ്റ് സന്നദ്ധ സംഘടനകളുടെ സേവനവും ഉറപ്പാക്കി കഴിഞ്ഞു.

16) പമ്പ ശബരിമല റൂട്ടിലും പമ്പ മുതൽ പ്ലാപ്പള്ളി വരെയും നിലയ്ക്കലിലും കൂടാതെ മറ്റ് വാഹന പാർക്കിംഗ് സ്ഥലങ്ങളിലും ആവശ്യമായ വെളിച്ച സംവിധാനം കെ.എസ്.ഇ.ബി മുഖേനയും ആവശ്യമായ സ്ഥലങ്ങളിൽ ജനറേറ്ററുകൾ ഉപയോഗിച്ചും ഏർപ്പെടുത്തിയിട്ടുണ്ട്.

17) പരമ്പരാഗത പാതയിൽ വൈദ്യുതീകരണത്തിന് ഏരിയൽ ബഞ്ച് കേബിൾ സ്ഥാപിച്ചു.

18) നിലയ്ക്കലും പമ്പയിലും വാഹന പാർക്കിംഗിനായി വിപുലമായ ക്രമീകരണങ്ങൾ. നിലയ്ക്കലിൽ ചെറുതും വലുതുമായ പതിനായിരത്തോളം വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് സംവിധാനം ഒരുക്കിയിട്ടുണ്ട്.

19) കാനനപാതയിൽ കൂടുതൽ ബാരിക്കേ ടുകൾ.

20) പമ്പാ നദിയിൽ അടിഞ്ഞുകൂടിയിട്ടുള്ള തുണിയും മറ്റും നീക്കം ചെയ്യുന്നതിനുള്ള ക്രമീകരണം.
21) കുളിക്കടവുകളിൽ 6 ഭാഷകളിൽ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കൽ.
22) സന്നിധാനത്ത് 5 എം.എൽ.ഡി ശേഷിയുള്ള പുതിയ സ്വീവേജ് ട്രീറ്റ്മെൻറ് പ്ലാൻറ് പ്രവർത്തനം ആരംഭിച്ചു.
23) പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.
24) സുരക്ഷാ സംവിധാനം ശക്തിപ്പെടുത്തി.
25) പമ്പ മുതൽ മരക്കൂട്ടം വരെ നടപ്പന്തലുകൾക്കു പുറമേ മരക്കൂട്ടം മുതൽ ശരംകുത്തിവരെ പുതിയ 6 ക്യൂ കോംപ്ലക്സുകൾ സ്ഥാപിച്ചു.

| | | | |
|---|---|---|---|
| ബി) | ഇതിനായി എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ; | ബി) | ദേവസ്വം ബോർഡ് ചെലവഴിച്ച തുക സംബന്ധിച്ച് കൃത്യമായ കണക്കുകൾ ലഭ്യമായി വരുന്നതേയുള്ളൂ. |
| സി) | സന്നിധാനവും പരിസരവും മാലിന്യരഹിതമാക്കുന്നതിനുള്ള മുൻ കരുതൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | സി) | ഉണ്ട്. മാലിന്യനിർമ്മാർജ്ജനത്തിനായി സന്നിധാനത്ത് 5 എം.എൽ.ഡി ശേഷിയുള്ള പുതിയ സ്വീവേജ് ട്രീറ്റ്മെൻറ് പ്ലാൻറ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പ്ലാസ്റ്റിക് വിമുക്ത ശബരിമല എന്ന ആശയം നടപ്പിലാക്കുന്നതിന് ജില്ലാ ഭരണകൂടവുമായും സർക്കാർ വകുപ്പുകളുമായി യോജിച്ച് എല്ലാ നടപടികളും തിരുവിതാംകൂർ ദേവസ്വം ബോർഡ് സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പുണ്യം പൂങ്കാവനം പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ